entri

# Current affairs 12 Nov 2025

## കേരള പുരസ്കാരങ്ങൾ 2025

- വിവിധ മേഖലകളിൽ സമൂഹത്തിനു സമഗ്ര സംഭാവനകൾ നൽകിയിട്ടുള്ള വിശിഷ്ട വ്യക്തികൾക്കു കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ സംസ്ഥാന സർക്കാർ നൽകുന്ന പരമോന്നത പുരസ്കാരമാണ് കേരള പുരസ്കാരങ്ങൾ. കേരള പിറവി ദിനമായ നവംബർ ഒന്നിനാണ് പുരസ്കാരങ്ങൾ പ്രഖ്യാപിക്കുന്നത്.

### കേരള ജ്യോതി

1. ഡോ.എം.ആർ. രാഘവ വാര്യർ (വിദ്യാഭ്യാസ മേഖല)

### കേരള പ്രഭ

1. അനീഷ് പി.ബി (കാർഷികം)
2. ഡോ. രാജശ്രീ വാര്യർ (കല)

### കേരള ശ്രീ

1. ശശികുമാർ (മാധ്യമ പ്രവർത്തനം)
2. ഷഹൽ ഹസൻ മുസലിയാർ (വിദ്യാഭ്യാസ രംഗം)
3. വിമൽ ഗോവിന്ദ് എം.കെ (സ്റ്റാർട്ടപ്പ് രംഗം)
4. ജിലുമോൾ മാരിയറ്റ് തോമസ് (വിവിധ മേഖകളിലെ പ്രവർത്തനങ്ങൾ)
5. അഭിലാഷ് ടോമി (കായികം)

---

## 2025ൽ ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട 'മോൻത' ചുഴലിക്കാറ്റിന് പേര് നൽകിയ രാജ്യം

തായ്‌ലൻഡ്

- സുഗന്ധമുള്ള പുഷ്പം അല്ലെങ്കിൽ മനോഹരമായ പുഷ്പം എന്നാണ് 'മോൻത' എന്നാണ് വാക്കിന്റെ അർത്ഥം.

---

## ഗാന്ധിജിയോടൊപ്പം ദക്ഷിണാഫ്രിക്കയിൽ പ്രക്ഷോഭത്തിൽ പങ്കെടുത്തു രക്തസാക്ഷിയായ വള്ളിയമ്മ മുനുസ്വാമിയുടെ പ്രതിമ സ്ഥാപിതമായത്

ടോൾസ്റ്റോയി ഫാം, ദക്ഷിണാഫ്രിക്ക


- ഗാന്ധിയുടെ ദക്ഷിണാഫ്രിക്കൻ പ്രസ്ഥാനത്തിന്റെ കാലത്ത് 1910ൽ ജോഹന്നാസ് ബർഗിനടുത്ത് ആരംഭിച്ച ആശ്രമമാണ് ടോൾസ്റ്റോയി ഫാം.



ഡോ.എം.ആർ. രാഘവ വാര്യർ



ഡോ.രാജശ്രീ വാര്യർ



ശശികുമാർ



അഭിലാഷ് ടോമി

4.8 ★ Download the app now | Learn in Malayalam